# 13-ാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ:978 07/02/2013-ൽ മറുപടിയ്ക്ക്**

**ആദിവാസി ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്<br>ഡോ. എൻ.ജയരാജ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രതിവർഷം ശരാശരി എന്തു തുക ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു; വിശദാംശങ്ങൾ നൽകുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പട്ടികവർഗ്ഗ വികസനത്തിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു. |

(തുക ലക്ഷത്തിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2008-09 | 8250.15 | 7646.98 |
| 2009-10 | 13518.95 | 12455.37 |
| 2010-11 | 14999.24 | 13021.52 |
| 2011-12 | 19971.44 | 16744.40 |
| 2012-13 | 23919.04 | 12215.32 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ ആദിവാസി ജനസമൂഹത്തിന്റെ അഭ്യുന്നതിക്ക് എത്രത്തോളം സഹായകരമായിട്ടുണ്ട്; ഇത് വിലയിരുത്തുന്നതിന് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | പ്രസ്തുത പദ്ധതികൾ പട്ടികവർഗ്ഗ സമൂഹത്തിന്റെ വിദ്യാഭ്യാസം, ഭവന നിർമ്മാണം, സ്വയംതൊഴിൽ കണ്ടെത്തൽ, നൈപുണ്യ വികസനം, പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ എല്ലാ മേഖലകളിലെയും വികസനത്തിന് സഹായകരമായിട്ടുണ്ട്. ഇത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസർ മാരുടെ യോഗത്തിൽ വിലയിരുത്തപ്പെടുന്നുണ്ട്. സർക്കാരോ ഇതര ഏജൻസികളോ ഇതുമായി ബന്ധപ്പെട്ട ഒരു പഠനം നടത്തിയിട്ടില്ല. |
| (ഡി) | ആദിവാസി ജനസമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഉതകുന്നതരത്തിൽ ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇത്തരത്തിലുള്ള മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

അനുബന്ധം [illegible] മാണ്

സെക്ഷൻ ഓഫീസർ